**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1953** **12-09-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യെ കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ വികസനവും ജനക്ഷേമവും ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ പൊതുഗതാഗത സംവിധാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥാനത്തിന്റെ വികസനവും ജനക്ഷേമവും ഉറപ്പുവരുത്തുന്നതിനായി ആദ്യപടി എന്ന നിലയിൽ തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളേയും ബന്ധിപ്പിച്ച് നഗരത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ (ഹോപ്പ് ഓൺ ഹോപ്പ് ഓഫ്) സർവ്വീസ് ആരംഭിച്ചു.<br><br>സിറ്റിയ്ക്കുള്ളിലെ പ്രധാന ഓഫീസുകളെയും ഡെസ്റ്റിനേഷനുകളെയും ബന്ധിപ്പിച്ച് സിറ്റി ഷട്ടിൽ സർവ്വീസുകൾ ആരംഭിച്ചു. അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി പരീക്ഷണാർത്ഥം സിറ്റി റേഡിയൽ സർവ്വീസ് ആരംഭിച്ചു.<br><br>കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരത്തിനും കോഴിക്കോടിനും ഇടയിലുള്ള നഗരങ്ങളിലെ ഗതാഗതകുരുക്കിൽ നിന്നും ഒഴിവാക്കി യാത്രക്കാരെ നിശ്ചിത സ്ഥലത്ത് കുറഞ്ഞ സമയത്തിൽ എത്തിക്കുന്നതിനായാണ് കെ.എസ്.ആർ.ടി.സി **"ബൈപ്പാസ് റൈഡർ "** എന്ന പേരിൽ സർവ്വീസുകൾ ആരംഭിച്ചത്. ബൈപ്പാസുകളിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ യാത്രക്കാർക്ക് സൗകര്യപ്രദമായി വിശ്രമിക്കുന്നതിനും ബസ് കാത്തിരിക്കുന്നതിനും **"ഫീഡർ സ്റ്റേഷനുകൾ "** പഴയ ലോ ഫ്ളോർ ബസ്സുകളിൽ ക്രമീകരിച്ചിട്ടുണ്ട്. ഇത്തരം ഫീഡർ സ്റ്റേഷനുകളിലേയ്ക്ക് ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളിൽ നിന്നും പ്രത്യേക നിറത്തിലുള്ള **"ഫീഡർ സർവ്വീസുകൾ"** യാത്രക്കാർക്കായി നടത്തുന്നുമുണ്ട്. ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളുടെ യാത്രാ സൗകര്യത്തിനായി തദ്ദേശ സ്വയംഭരണവകുപ്പിന്റെ സഹകരണത്തോടെ ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. നിലവിൽ 11 ജില്ലകളിലായി 15 ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി (1) ചേർക്കുന്നു.<br><br>മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ മത്സ്യ തൊഴിലാളികളെ വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ പ്രത്യേക നിറത്തിലുള്ള 3 സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് വാർഷിക ഗ്രാൻറ് ലഭ്യമാകുന്ന രീതിയിൽ **<u>സമുദ്ര സർവ്വീസ്</u>** ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി ഓപ്പറേറ്റ് ചെയ്യുന്നു.<br><br>ഫസ്റ്റ് മൈൽ, ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൈലറ്റ് പദ്ധതിയായി മണ്ണന്തല – തിരുമല റൂട്ടിൽ രണ്ട് ഫീഡർ ബസ്സുകൾ ബഹു. ഗതാഗത വകുപ്പ് മന്ത്രി 16.01.2023 തീയതിയിൽ ഫ്ലാഗ് ഓഫ് ചെയ്യുകയുണ്ടായി. ഇത് തിരുവനന്തപുരം ജില്ലയിൽ പൂർണ്ണമായും നടപ്പാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി അംഗീകാരത്തിനായി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | കെ.എസ്.ആർ.ടി.സി.യെ കാര്യക്ഷമമാക്കാനും ആവശ്യമായ സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സിയുടെ വരുമാനത്തിന്റെ ഏറിയ പങ്കം സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു.കെ.എസ്.ആർ.ടി.സിയുടെ സർവീസ് ഓപ്പറേഷൻ ഉപയോഗയോഗ്യമല്ലാത്ത ബസുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയത് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചു വരുകയും ചെയ്യുന്നു. കെ.എസ്.ആർ. ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ |

അനുവദിച്ച് നൽകുന്നതിലൂടെയും, പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടേയും ടിക്കറ്റിതര വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്കിന് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി **30** വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി എല്ലാ ബസ് സ്റ്റേഷനുകളിലും ലൈസൻസി മുഖേന പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം , എ.ടി.എം എന്നിവ സ്ഥാപിക്കുന്നതിനോടൊപ്പം ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. കൊറിയർ സർവ്വീസ് കെ.എസ്.ആർ.ടി.സി നേരിട്ട് നടത്തുന്നതിന് നടപടി പുതുതായി രൂപീകരിച്ച വിഭാഗം മുഖേന സ്വീകരിച്ച് വരുന്നു. കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ വരുന്നതും **National Highway** യോടു ചേർന്നുള്ളതും കൂടാതെ വളരെ ജനതിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ കെ.എസ്.ആർ.ടി.സി.യൂണിറ്റുകളിലെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്കും അനുവദിച്ച് നൽകിയും , വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ്, ആധുനിക സൗകര്യത്തോടു കൂടിയ റസ്റ്റോറന്റുകൾ, സിനിമാശാലകൾ, ജിംനേഷ്യം, മറ്റു അവശ്യ സാധനങ്ങൾ വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾ കൂടാതെ പൊതു ജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാ കൂലിയിനത്തിലും ടിക്കറ്റിതര വരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി-യെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് പുതുതായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ടി

| | | | |
|---|---|---|---|
| | | | വിഭാഗത്തിലൂടെ ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റ് പൊതുമേഖല സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസുകൾ അനുവദിച്ച നൽകൽ , യൂണിറ്റുകളിൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ , LED display കൂടാതെ കൊറിയർ&പാഴ്സൽ സർവീസ് സംവിധാനം നടപ്പിലാക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. കെ.എസ്.ആർ.ടി.സിയെ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി **(II)** ചേർക്കുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും പെൻഷൻകാരുടെയും ശമ്പളവും പെൻഷനും മറ്റാനുകൂല്യങ്ങളും മുടക്കം കൂടാതെ നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | ടിക്കറ്റ് / ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് പ്രതിമാസ വരുമാനം ശരാശരി 220 കോടി രൂപ വരെ സ്വരൂപിക്കുന്നുണ്ടെങ്കിലും കൺസോർഷ്യം / ഓവർഡ്രാഫ്റ്റ് വായ്പ തിരിച്ചടവ്, ഡീസൽ, സ്പെയർ പാർട്സ് എന്നീ അവശ്യ ചെലവുകൾക്കായി മാത്രം ശരാശരി 170 കോടി രൂപയോളം ചെലവഴിക്കേണ്ടി വരുന്നുണ്ട്. ടി അവശ്യ ചെലവുകൾ നിർവ്വഹിച്ച ശേഷം ജീവനക്കാരുടെ ശമ്പള വിതരണത്തിനായി പ്രതിമാസം 20 കോടി രൂപ മുതൽ 30 കോടി രൂപ വരെ മാത്രമാണ് കോർപ്പറേഷന് സ്വന്തം നിലക്ക് കണ്ടെത്താൻ സാധിക്കുന്നത്. ഇത്തരത്തിൽ മിച്ചംപിടിക്കുന്ന തുകയ്ക്ക് പുറമെ സർക്കാർ ധനസഹായം, ഓവർഡ്രാഫ്റ്റ് വായ്പ എന്നിവ കൂടി ലഭ്യമാക്കി ജീവനക്കാരുടെ ശമ്പളം അൽപ്പം കാലതാമസത്തോടെയാണെങ്കിലും മുടക്കം കൂടാതെ വിതരണം ചെയ്യുന്നുണ്ട്. സാമ്പത്തിക പരാധീനത നിമിത്തം പെൻഷൻ വിതരണം മുടങ്ങുന്ന സാഹചര്യം സംജാതമായതോടെ 2018-ൽ സർക്കാർ മുൻകൈയെടുത്ത് രൂപീകരിച്ച പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തിരമാണ് പെൻഷൻ വിതരണം ചെയ്തു വന്നിരുന്നത്. എന്നാൽ നിലവിലെ പലിശ നിരക്ക് 8%ൽ നിന്നും 9.25 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം (PACS) ആവശ്യപ്പെടുകയും, ടി ആവശ്യം സർക്കാർ നിരസിക്കുകയും ചെയ്തതോടെ 2023 മാർച്ച് മാസം മുതൽക്ക് സഹകരണ സംഘങ്ങൾ വഴിയുള്ള പെൻഷൻ വിതരണം തടസ്സപ്പെടുകയുണ്ടായി. തുടർന്ന് വിരമിച്ച ജീവനക്കാർ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, ബഹു. ഹൈക്കോടതിയുടെ നിർദ്ദേശം പാലിക്കുന്നതിന്റെ ഭാഗമായി 2023 മാർച്ച് മാസം |

| | | | |
|---|---|---|---|
| | | | മുതൽ ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണത്തിനായി 281 കോടിയോളം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയും, കോർപ്പറേഷൻ തനത് ഫണ്ടിൽ നിന്നും കണ്ടെത്തിയ വിഹിതവും ഉപയോഗിച്ച് 2023 ജൂൺ മാസം വരെയുള്ള പെൻഷൻ കെ.എസ്.ആർ.ടി.സി. നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. ജൂലൈ മാസത്തെ പെൻഷൻ വിതരണത്തിനുള്ള തുക അനുവദിക്കുന്ന മുറയ്ക്ക് ടി മാസത്തെ പെൻഷനും വിതരണം ചെയ്യുന്നതാണ്. |
| (ഡി) | ധനകാര്യ മാനേജ്മെന്റ് ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.യുടെ ഭരണപരമായ പ്രവർത്തനങ്ങളിൽ സുതാര്യതയും പ്രൊഫഷണലിസവും കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധീകരിക്കുന്നതിന്റെ ഭാഗമായി പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ മാനേജ്മെന്റ് പ്രവർത്തന രീതി എന്നിവ പുന:ക്രമീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യിലെ വിവിധ വിഭാഗത്തിലേയ്ക്ക് അതത് മേഖലകളിൽ യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കുന്നതിനായി ഓരോ വിഭാഗത്തിലും വൈദഗ്ദ്യമുള്ളവരെ മതിയായ നിയമന നടപടിക്രമങ്ങൾ പാലിച്ച് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ ടോപ്പ് ലെവൽ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി General Manager (Finance), Deputy General Manager (Marketing & Logistics), General Manager (Technical), Deputy General Manager (IT), Deputy General Manager (Operations), Chartered Accountant, Cost Accountant എന്നീ തസ്തികകൾ താൽക്കാലികമായി സർക്കാർ സൃഷ്ടിക്കുകയും, നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മാനവ വിഭവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനെ കൊമേഴ്സ്യലൈസ് ചെയ്യുന്നതിന്റെ ഭാഗമായും, പ്രാവീണ്യം തെളിയിക്കുന്നവരെ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കോർപ്പറേഷനെ 3 സ്വയം പര്യാപ്ത ലാഭ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ സൗത്ത്, സെൻട്രൽ, നോർത്ത് സോണുകൾ രൂപീകരിച്ച് തരംതിരിച്ചിട്ടുണ്ട്. ഭരണപരമായും അക്കൗണ്ട്സ് സംബന്ധവുമായ നടപടികൾ ജില്ലാ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതിന് 15 ജില്ലാ ഓഫീസുകൾക്ക് രൂപം നൽകി ജീവനക്കാരുടെ സഹായത്തോടെ ആയത് നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അക്കൗണ്ട് വിഭാഗം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി B.Com/M.Com യോഗ്യതയുള്ള ജീവനക്കാരെ തെരഞ്ഞെടുത്ത് അപേക്ഷയുടെയും സമ്മത പത്രത്തിന്റെയും അടിസ്ഥാനത്തിൽ അക്കൗണ്ട്സ് വിഭാഗം രൂപീകരിച്ച് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകളിൽ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെയും, അപകടങ്ങൾ കുറയ്ക്കുന്നതിന്റെയും ഭാഗമായി ഡ്രൈവർ കം കണ്ടക്ടർ തസ്തിക രൂപീകരിച്ച് യോഗ്യത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി നിലവിലെ സ്ഥിര ജീവനക്കാരിൽ നിന്നും അപേക്ഷയും, സമ്മതപത്രവും ക്ഷണിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

**1.) കൊറിയർ സംവിധാനം :-** കെഎസ്ആർടിസിയിൽ കൊറിയർ സംവിധാനം15.6.2023 തീയതി മുതൽ ആരംഭിച്ചു. കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് 16 മണിക്കൂർ കൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും. നിലവിൽ 47 യൂണിറ്റുകളിൽ ടി സംവിധാനം സജ്ജമാണ്.

**2.) കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം :** പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗ പ്രദമാകുന്ന രീതിയിൽ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി CVTMS നടപ്പിലാക്കി കഴിഞ്ഞു. **M/s United Electricals** മുഖേന **2500** എണ്ണം **VLTD** കളും, **M/s VST solutions** മുഖേന **2500** എണ്ണം **VLTD** കളും, **M/s iTriangle InfoTech** മുഖേന **105** എണ്ണം **VLTD** കളും ഇതിലേക്കായി വാങ്ങി. പൊതുജനങ്ങൾക്കും യാത്രക്കാർക്കും മൊബൈൽ ആപ്ലിക്കേഷൻ ഉപോയഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം ഓൺലൈനായി ലഭ്യമാകും. ENTE KSRTC NEO യുടെ ടെസ്റ്റ് ആപ്ലിക്കേഷൻ ബീറ്റാ വേർഷൻ 06.04.2023 മുതൽ പ്ലേസ്റ്റോറിൽ ലഭ്യമാക്കിയിട്ടുണ്ട്.

**3.) ടിക്കറ്റിങ്ങിനായി ഫോൺ പേ സംവിധാനം :-** കെഎസ്ആർടിസിയുടെ ബസ് സർവീസുകളിൽ ടിക്കറ്റി ങ്ങിനായി ഫോൺ പേ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആദ്യഘട്ടത്തിൽ കെഎസ്ആർടിസിയുടെ സ്വിഫ്റ്റ് AC Seater, സ്വിഫ്റ്റ് non AC Deluxe, സ്വിഫ്റ്റ് AC Sleeper ബസ്സുകൾ, Feeder സർവീസുകൾ എന്നിവയിൽ നടപ്പിലാക്കി കഴിഞ്ഞു .

**4.) സ്മാർട്ട് ട്രാവൽ കാർഡ്:-** ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി. ആർ.എഫ്.ഐ.ഡി സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോട് കൂടിയ ട്രാവൽ കാർഡാണ്. ഇത് വഴി മുൻകൂറായി പണം റീ ചാർജ് ചെയ്ത് യാത്ര ചെയ്യാനാകും. യാത്രക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകളും ഇത് വഴി പരിഹരിക്കപ്പെട്ടും പണം ചാർജ് ചെയ്യുന്നതിന് ആനുപാതികമായ ഓഫറുകളും ലഭിക്കുകയും ചെയ്യും. കെ.എസ്.ആർ.ടി.സി സ്മാർട്ട്ട്രാവൽ കാർഡുകൾ 05.09.2022-ൽ

പുറത്തിറക്കി. തിരുവനന്തപുരം ജില്ലയിൽ സർവ്വീസ് നടത്തുന്ന എല്ലാ ഓർഡിനറി സർവീസ്സുകളിലും നടപ്പിലായിക്കഴിഞ്ഞു. അടുത്ത ഘട്ടമെന്ന നിലയിൽ മറ്റു സർവ്വീസുകളിലും ടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

**5.) .<u>ഓൺലൈൻ കൺസഷൻ സംവിധാനം</u>:-** വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ ഡിപ്പോകളിൽ വരാതെ തന്നെ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടുണ്ട്. **"www.concessionksrtc.com"** എന്ന വെബ് സൈറ്റിന്റെ ലിങ്ക് കെഎസ്ആർടിസിയുടെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമാംവിധം ഓൺലൈൻ വഴി ഇനിമുതൽ കൺസഷന് അപേക്ഷിക്കാവുന്നതാണ്. ഫീസ് അടയ്ക്കുന്ന തിനായി **PAYTM** നെ **Payment Gateway provider** ആയി സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത സേവനങ്ങൾ എല്ലാം തന്നെ **06.6.2023** തീയതി മുതൽ വെബ്സൈറ്റിൽ ലഭ്യമാണ്. പ്രാഥമിക ആവശ്യമായ പരിശീലനം ഡിപ്പോ തലത്തിൽ നൽകിയിട്ടുണ്ടെങ്കിലും വെബ്സൈറ്റ് കൈകാര്യം ചെയ്യുന്ന തിന് ആവശ്യമായ രണ്ടാംഘട്ട സാങ്കേതിക പരിശീലനം നൽകിവരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ പേരൂർക്കട യൂണിറ്റിൽ ടി സംവിധാനം ആരംഭിച്ചിട്ടുണ്ട്. സംശയ നിവാരണത്തിനായി ബന്ധപ്പെടുന്നവർക്ക് വിശദമായ അറിവ് നൽകുവാൻ കൺട്രോൾ റൂം ജീവനക്കാർക്കും പരിശീലനം നൽകി വരുന്നു. അപേക്ഷകർക്ക് അപേക്ഷയുടെ നിജസ്ഥിതി അറിയുന്നതിനായി **SMS** സംവിധാനവും ഏർപ്പെടുത്തി യിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത ഡിജിറ്റൽ സംവിധാനത്തിലെ അപാകതകൾ പൂർണമായും പരിഹരിക്കുന്നതുവരെ മുൻകാലങ്ങളിൽ തുടർന്നതുപോലെ മാനുവൽ സംവിധാനം തുടർന്നും വരുന്നുണ്ട്

## <u>പൂർത്തിയായിക്കൊണ്ടിരിക്കുന്ന പദ്ധതികൾ</u>

1. **<u>ഇ-ഓഫീസ്</u>:-** സുഗമവും വേഗതയേറിയതും സുതാര്യവും കൃത്യവുമായ ജോലിയുട ഒഴുക്ക് ഉറപ്പാക്കുന്നതിന്, ചീഫ് ഓഫീസിൽ എൻഐസിയുടെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ കെഎസ്ആർടിസി ആരംഭിച്ചു, ജോലികൾ പുരോഗമിക്കുകയാണ്. രണ്ടാം ഘട്ടമെന്ന നിലയിൽ സോണൽ ഓഫീസുകളിലേക്കും ജില്ലാ ഓഫീസുകളിലേക്കും ഇത് വ്യാപിപ്പിക്കാനാണ് ആലോചിക്കുന്നത്. നാളിതുവരെ 100 എണ്ണം ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, 188 എണ്ണം ലാപ്ടോപ്പുകൾ, 245 എണ്ണം പ്രിൻറർ 120 യു പിഎസ് എന്നിവ ഇതുമായി ബന്ധപ്പെട്ടു വാങ്ങി കഴിഞ്ഞു.ടി പദ്ധതികായുള്ള 1075 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള e-ദർഘാസ് നടപടികൾ പുരോഗമിക്കുകയാണ്.

**2.ഗൂഗിൾ ട്രാൻസിറ്റ് :-** ഒക്ടോബർ 17,2022 ന് ആരംഭിച്ചു . കെഎസ്ആർടിസിയുടെ സിറ്റി സർക്കുലർ, ബൈപ്പാസ് റൈഡറുകൾ പൂർണമായും ഗൂഗിൾ മാപ്പിലൂടെ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട് . ടിവാൻഡ്രം സെൻട്രലിൽ നിന്ന് പുറപ്പെടുന്നത് എത്തിച്ചേരുന്നതുമായ സൂപ്പർഫാസ്റ്റിനുമുകളിലേക്കുള്ള എല്ലാ സർവീസുകളും ഗൂഗിൾ മാപ്പിൽ ലഭ്യമാക്കിയിട്ടുണ്ട് . സൗത്ത് സോണിലെ സൂപ്പർഫാസ്റ്റിന് മുകളിലേക്കുള്ള എല്ലാ സർവീസുകളും ലൈവ് ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുക വഴി കോവിഡിനെ തുടർന്ന് നിർത്തിവെച്ചിരുന്ന നിരവധി സർവ്വീസുകൾ കൂടി പുനരാരംഭിക്കാനും അതുവഴി 20% അധിക വരുമാനം ലഭ്യമാക്കാനും പദ്ധതിയുണ്ട്. ഇത്തരത്തിൽ ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഷോപ്പ് ഓൺ വീൽസ്, യാത്രാ ഫ്യൂവൽസ്, സ്ലീപ്പർ ഇൻ ബസ്, ല്യൂബ് ഷോപ്പ്, ടൂർ പാക്കേജസ്, സമുദ്ര, ലോജിസ്റ്റിക്സ്, ഹോർഡിംഗ്സ് സ്ഥാപിച്ച് പരസ്യ വരുമാനം നേടുക തുടങ്ങി നിരവധി നൂതന പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രതിദിന വരുമാനവും, മറ്റിതര വരുമാനവും വർദ്ധിപ്പിച്ച് കോർപ്പറേഷനെ കൂടുതൽ കാര്യക്ഷമമാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

## അനുബന്ധം I

| GRAMA VANDI DETAILS | | | | |
|---|---|---|---|---|
| Sl No | District | Starting Date | Panchayth | Unit |
| 1 | TVM | 29.07.2022 | Kollayil | PSL |
| 2 | | 01.12.2022 | Kunnathukal | PSL |
| 3 | TSR | 19.08.2022 | Elavally | GVR |
| 4 | KKD | 03.09.2022 | Chathamangalam | KKD |
| 5 | KTM | 06.10.2022 | Kaduthuruthy Block | VKM |
| 6 | | 25.11.2022 | Kaduthuruthy Block | VKM |
| 7 | MLP | 21.10.2022 | Edavanna | NBR |
| 8 | ALP | 05.11.2022 | Pathiyoor | KYM |
| 9 | KLM | 25.11.2022 | Kollam Corp | KLM |
| 10 | EKM | 03.12.2022 | Chennamangalam | NPR |
| 11 | WND | 06.01.2023 | Mananthavadi Block | MDY |
| 12 | TVM | 23.02.2023 | Kallara | KMR |
| 13 | KNR | 11.04.2023 | Aaralam | KNR |
| 14 | EKM | 20.05.2023 | Eloor | ALV |
| 15 | PTA | 22.07.2023 | Perunad | PTA |